ഫൈലേറിയ രോഗികൾക്കുള്ള ചികിത്സാ സഹായങ്ങൾ

12 (1731) ശ്രീ. കെ. പി. മോഹനൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഫൈലേറിയ രോഗികൾക്ക് നൽകിവരുന്ന ചികിത്സാ സഹായങ്ങൾ എന്തൊക്കെയാണെന്ന് വിശദീകരിക്കുമോ ;

(ബി) ഫൈലേറിയ (മന്തു രോഗം) രോഗ പ്രതിരോധത്തിന് നടപ്പിലാക്കുന്ന പദ്ധതികൾ എന്തൊക്കെയാണെന്ന് വിശദീകരിക്കുമോ ;

(സി) ഫൈലേറിയ രോഗികളുടെ ചികിത്സയ്ക്ക് ആരോഗ്യ വകുപ്പുവഴി ലഭിക്കുന്ന പാവപ്പെട്ടവർക്കുള്ള ചികിത്സാ പദ്ധതി (സൊസൈറ്റി ഫോർ മെഡിക്കൽ അസിസ്റ്റൻസ് ടു ദി പുവർ) ഉൾപ്പെടുത്തി ധനസഹായം നൽകാൻ നടപടി സ്വീകരിക്കുമോ ;

(ഡി) ഫൈലേറിയ രോഗികളുടെ ചികിത്സയ്ക്കായി പ്രത്യേകം ആശുപത്രി സ്ഥാപിക്കുവാൻ നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ) പ്രത്യക്ഷത്തിൽ രോഗലക്ഷണങ്ങൾ ഉള്ളവർക്ക് ചികിത്സ നൽകുക, രാത്രികാല രക്ത പരിശോധനയിലൂടെ രക്തത്തിൽ കുഞ്ഞുവിരകളുള്ളവരെ കണ്ടുപിടിച്ച് ചികിത്സിക്കുക, മന്ത് ബാധിച്ചവരിൽ മന്തുരോഗം കൊണ്ടുണ്ടാകുന്ന ബുദ്ധിമുട്ടുകൾ പരിചരണ ചികിത്സകൊണ്ട് കുറയ്ക്കുക (മോബിഡിറ്റി മാനേജ്മെന്റ്) എന്നിവയാണ് ഫൈലേറിയ രോഗികൾക്ക് നൽകിവരുന്ന ചികിത്സകൾ.

(ബി) മന്ത് രോഗ പ്രതിരോധത്തിനായി 'മന്ത് രോഗ നിവാരണ സമൂഹ ചികിത്സാ പരിപാടി' എന്ന പദ്ധതി 2004 മുതൽ സംസ്ഥാനത്തെ 11 ജില്ലകളിൽ നടപ്പാക്കിവരുന്നു. മന്ത് രോഗം റിപ്പോർട്ട് ചെയ്യപ്പെട്ടിട്ടുള്ള പ്രദേശങ്ങളിൽ വസിക്കുന്ന ആരോഗ്യവാന്മാരായി കാണപ്പെടുന്ന മന്ത് രോഗം പ്രകടമാകാത്തവരുടെയും രക്തത്തിൽ മൈക്രോ ഫൈലേറിയ എന്ന സൂക്ഷ്മ വിര ഉണ്ടായേക്കാം. അതുകൊണ്ട് വർഷത്തിലൊരിക്കൽ എല്ലാപേരും ഒരു ഡോസ് ഡി.ഇ.സി. ആൽബൻഡസോൾ ഗുളിക കഴിക്കണമെന്നാണ് നിഷ്ക്കർഷിച്ചിരിക്കുന്നത്. മൈക്രോഫൈലേറിയയിലൂടെയുള്ള രോഗ സംക്രമണം തടയുക എന്നതാണ് മന്ത് രോഗ നിവാരണ പരിപാടിയുടെ ലക്ഷ്യം. ഇതിനോടൊപ്പം മോർബിഡിറ്റി മാനേജ്മെന്റ് ക്ലീനിക്കും രാത്രികാല രക്തപരിശോധനാ പരിപാടിയും നടത്തിവരുന്നു.

(സി) തല്ക്കാലം ഉദ്ദേശിക്കുന്നില്ല.

(ഡി) ഫൈലേറിയ രോഗികളുടെ ചികിത്സക്കായി മോർബിഡിറ്റി മാനേജ്മെന്റ് ക്ലീനിക്കുകൾ എല്ലാ ജില്ലകളിലും പ്രവർത്തിക്കുന്നു. മന്ത്രോഗികൾ കൂടുതലായി കാണപ്പെടുന്ന സ്ഥലങ്ങളിൽ താലൂക്ക് ആശുപത്രിയോട് ചേർന്നോ ബ്ലോക്ക് പി.എച്ച്.സി.-യോട് ചേർന്നോ മന്തുരോഗ നിയന്ത്രണ യൂണിറ്റിലോ ഇത്തരം ക്ലീനിക്കുകൾ പ്രവർത്തിക്കുന്നുണ്ട്. മന്ത് രോഗികൾക്ക് കൂടെക്കൂടെ ഉണ്ടാകുന്ന പനി തടയുന്നതിന് ഈ ക്ലീനിക്കുകൾ സഹായകമാണ്. മന്ത് രോഗികളുടെ ചികിത്സക്കായി പ്രത്യേക ആശുപത്രി സ്ഥാപിക്കേണ്ടതിന്റെ ആവശ്യമില്ല.

LIBRARY ARCHIVES Kerala Legislative Assembly